LIBRARY ARCHIVES Kerala Legislative Assembly

അന്താരാഷ്ട്ര വിപണിയിലെ ഇന്ധനവില

178 (152) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിപണിയിൽ ഇന്ധനവിലയിൽ വൻ കുറവുണ്ടായിട്ടും സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുന്നവിധം പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് തീരുവ വർദ്ധിപ്പിച്ച കേന്ദ്ര ഗവൺമെന്റ് നടപടിയെ സർക്കാർ എതിർത്തിട്ടുണ്ടോ;

(ബി) കേന്ദ്രം പെട്രോളിന്റെയും ഡീസലിന്റെയും തീരുവ വർദ്ധിപ്പിക്കുമ്പോൾ അതിനനുസൃതമായി സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിക്കുന്നുണ്ടോ; വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത വർദ്ധന വേണ്ടെന്നു വയ്ക്കാനും, അതിനനുസൃതമായി സംസ്ഥാനത്തിന്റെ നികുതി കുറയ്ക്കാനും നടപടി സ്വീകരിക്കുമോ;

(സി) ഏറ്റവും ഒടുവിലത്തെ പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനയിലൂടെ സംസ്ഥാനത്തിന് പ്രതിവർഷം എത്ര കോടി രൂപയുടെ അധിക വരുമാനം ലഭിക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരുവ വർദ്ധിക്കുമ്പോൾ അതിനനുസൃതമായി അടിസ്ഥാന വില കുറയ്ക്കുകയും ടാക്സബിൾ ടേണോവറിൽ മാറ്റം വരാതിരിക്കുകയും ചെയ്യുന്നതിനാൽ നികുതി വരുമാനത്തിൽ മാറ്റം വരുന്നില്ല.

(സി) ഏറ്റവും ഒടുവിലത്തെ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ് ഉണ്ടായത് 16-11-2015-ൽ ആണ്. പ്രസ്തുത വർദ്ധനവിൽ പെട്രോളിന് പ്രതിവർഷം 18.96 കോടി രൂപയും ഡീസലിന് 45.12 കോടി രൂപയും അധിക വരുമാനം ലഭിക്കും എന്ന് കണക്കാക്കിയിരിക്കുന്നു.

കേന്ദ്ര വിഹിതം

179 (153) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി, കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വാർഷിക പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചത് എന്നായിരുന്നു; കേന്ദ്ര ഗവൺമെന്റിന്റെ

അനുമതിക്ക് സമർപ്പിച്ച പദ്ധതി നീതി ആയോഗിന് അനുസൃതമല്ലാത്തതിനാൽ തിരിച്ചയച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) വാർഷിക പദ്ധതിക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം എത്രയായിരിക്കും ; കേന്ദ്രവിഹിതം സംബന്ധിച്ച അന്തിമധാരണയോടുകൂടിയാണോ 2016-17-ലേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്;

(സി) നീതി ആയോഗ് നിലവിൽ വന്നതിന് ശേഷം 2015-16 വർഷത്തെ കേന്ദ്രവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ;

(ഡി) അടുത്ത വർഷത്തെ കേന്ദ്രവിഹിതമായി എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആസൂത്രണ കമ്മീഷന് പകരം നീതിആയോഗ് നിലവിൽ വന്നതിനാൽ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന വാർഷിക പദ്ധതിക്ക് ആസൂത്രണ കമ്മീഷന്റെ/കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമില്ല.

(ബി) 2016-17-ൽ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതം 6534.17 കോടി രൂപയാണ്. ഇതിന് അനുസൃതമായാണ് വാർഷിക പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

(സി) 14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽനിന്ന് 42 ശതമാനമായി വർദ്ധിപ്പിക്കുകയും സംസ്ഥാന പദ്ധതിക്കുള്ള എൻ.സി.എ. നിർത്തലാക്കുകയും മറ്റ് പദ്ധതി ധനസഹായം കുറവുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) 2016-17-ലെ കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷമേ കേന്ദ്ര വിഹിതമായി എത്ര തുക ലഭിക്കുമെന്ന് വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ.

വാണിജ്യനികുതി വകുപ്പിൽ നടപ്പാക്കാത്ത പദ്ധതികൾ

180 (154) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വാണിജ്യനികുതി വകുപ്പിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച പദ്ധതികളും പരിപാടികളും ഏതൊക്കെയാണ്; അവയിൽ അതതുവർഷങ്ങളിൽ പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly